## കേരള സർക്കാർ
### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ആശ്രയ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം – ധനസഹായ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ) നം. 3958/08/തസ്വഭവ തിരുവനന്തപുരം, തീയതി: 11.11.2008

---

പരാമർശം: 1. 24.07.2007–ലെ സ.ഉ.(എം.എസ്) 183/2007/തസ്വഭവ നമ്പർ ഉത്തരവ്
2. 04.10.2007–ലെ സ.ഉ.(സാധാ) 2712/2007/തസ്വഭവ നമ്പർ ഉത്തരവ്
3. 11.07.2008–ലെ സ.ഉ.(എം.എസ്) 199/08/2008/തസ്വഭവ നമ്പർ ഉത്തരവ്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 29.10.2008–ലെ യോഗ തീരുമാനം (ഇനം 2.37)

### ഉത്തരവ്

തദ്ദേശഭരണസ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചൽസര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്ക് പരാമർശം മൂന്ന് പ്രകാരം ചില കൂട്ടിച്ചേർക്കലുകളും പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ആശ്രയ-അഗതി പുനരധിവാസ പ്രോജക്ടിന്റെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകാവുന്ന പരമാവധി ധനസഹായം 75,000 രൂപയാണ്. ഭവന നിർമ്മാണ ധനസഹായം 1.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കാവുന്നതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ–ഓർഡിനേഷൻ സമിതി ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

കോ–ഓർഡിനേഷൻ സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ച്, ആശ്രയ-അഗതി പുനരധിവാസ പ്രോജക്ടിന്റെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകുന്ന ഭവനനിർമ്മാണ ധനസഹായം 1.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. സബ്സിഡി മാനദണ്ഡ ങ്ങളിൽ കൂട്ടിച്ചേർക്കലുകളും പരിഷ്കാരങ്ങളും വരുത്തിക്കൊണ്ട് പരാമർശം മൂന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച 11.07.2008–നുശേഷം കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് ഈ ഉത്തരവ് പ്രകാരമുള്ള ധനസഹായം അനുവദിക്കാ വുന്നതാണ്.

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച ആശ്രയ പ്രോജക്ടിന് തദ്ദേശരണ സ്ഥാപന തീരുമാനപ്രകാരം അധിക തുക വകയിരുത്തി ഭേദഗതി ചെയ്ത് നടപ്പാക്കാവുന്നതാണ്. മേഖലാ വിഭജനത്തിൽപ്പെടാത്ത പ്രോജക്ടുകളുടെ വിഹിത ത്തിൽ നിന്നോ സേവന-പശ്ചാത്തല മേഖലകളിൽ നിന്നോ അധിക തുക കണ്ടെത്തണം. ലഭ്യമാണെങ്കിൽ തനത് ഫണ്ടും വകയിരുത്താവുന്നതാണ്. ഭേദഗതിയുടെ വിശദാംശങ്ങൾ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. മുഖ്യ നഗരാസൂത്രകൻ
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
19. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി (ജില്ലാ കളക്ടർമാർ) മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
22. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
25. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
27. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
30. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
31. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
32. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ